# CAREER Updates
# പത്രവൃത്താന്തം

25.10.2024 (വെള്ളി)



- ഹൈദരാബാദിലെ മലയാളി സംഘടനയായ നവീന സാംസ്കാരിക കലാ കേന്ദ്രം ഏർപ്പെടുത്തിയ 11-ാമത് ഒ.വി. വിജയൻ സാഹിത്യ പുരസ്കാരത്തിന് അർഹനായത്
- ✔ കുഴൂർ വിത്സൺ
- ഇദ്ദേഹത്തിന്റെ 'ഇന്നു ഞാൻ നാളെ നീയാന്റപ്പൻ' എന്ന കവിതാ സമാഹാരമാണ് പുരസ്കാരത്തിനർഹമായത്. വിവിധ ഭാഷകളിലായുള്ള ഇരുപത് കവിതാ സമാഹാരങ്ങളുടെ രചയിതാവാണ് കുഴൂർ വിത്സൺ.
- 50,001 രൂപയും കീർത്തി പത്രവും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.

- 2024 ഒക്ടോബറിൽ എലോ ലൈവ് റേറ്റിങ്ങിൽ 2800 പോയിന്റ് കടന്ന ഇന്ത്യൻ ചെസ്സ് താരം
- ✔ അർജുൻ എരിഗാസി
- ഈ നേട്ടം കൈവരിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ താരവും രണ്ടാമത്തെ ഇന്ത്യക്കാരനുമാണ് അർജുൻ എരിഗാസി.
- ഈ നേട്ടം കൈവരിച്ച ആദ്യ ഇന്ത്യക്കാരൻ വിശ്വനാഥൻ ആനന്ദ് ആണ്.
- 2024 ഒക്ടോബറിൽ പുറത്ത് വിട്ട ഫിഫ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം
- ✔ 125
- അർജന്റീന റാങ്കിങ്ങിൽ ഒന്നാം സ്ഥാനം നിലനിർത്തി.

- 2024 ഒക്ടോബറിൽ വിരമിക്കൽ പ്രഖ്യാപിച്ച മുൻ ഇന്ത്യൻ വനിതാ ഹോക്കി ടീം ക്യാപ്റ്റൻ
- ✔ റാണി രാംപാൽ
- ഇന്ത്യയ്ക്കായി 254 മത്സരങ്ങളിൽ നിന്നും 205 ഗോളുകൾ നേടിയിട്ടുള്ള റാണി രാംപാലിന് 2020-ൽ പത്മശ്രീ ബഹുമതിയും ഖേൽരത്ന പുരസ്കാരവും ലഭിച്ചു.
- ആദിവാസി കുട്ടികളെ വിവിധ മേഖലകളിൽ മികവുറ്റവരാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം, അവർ താമസിക്കുന്ന സ്ഥലം, സാമൂഹിക പ്രശ്നങ്ങൾ, കുട്ടികളുടെ അവകാശങ്ങൾ, ശാക്തീകരണം എന്നിവയെ കുറിച്ച് ബോധവാൻമാരാക്കാനും ലക്ഷ്യമിട്ടുള്ള കുടുംബശ്രീ പദ്ധതി
- ✔ കനസ് ജാഗ
- അനധികൃത ഖനനം തടയാൻ ഡ്രോൺ സർവേ നടത്തുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം
- ✔ കേരളം
- കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ വൈസ് ചാൻസലറായി വീണ്ടും നിയമിതനായത്
- ✔ മോഹനൻ കുന്നുമ്മൽ
- അടുത്തിടെ വംശനാശ ഭീഷണി നേരിടുന്ന ഏഷ്യാറ്റിക് ഗോൾഡൻ ക്യാറ്റിന്റെ സാന്നിദ്ധ്യം സ്ഥിരീകരിച്ചത് ഏത് ദേശീയോദ്യാനത്തിലാണ്?
- ✔ മനാസ് ദേശീയോദ്യാനം, അസം
- പൊതുജനങ്ങൾക്ക് ആന്റിബയോട്ടിക്കുകൾ തിരിച്ചറിയാനായി നീല നിറത്തിലുള്ള പ്രത്യേക കവറുകളിൽ നൽകണമെന്ന ഡ്രഗ്സ് കൺട്രോളറുടെ നിർദ്ദേശം കേരളത്തിൽ ആദ്യമായി നടപ്പിലാക്കുന്നതെവിടെ?
- ✔ കോട്ടയം

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999